# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2683 21-06-2012-ൽ മറുപടിക്ക്

## തീരദേശ വില്ലേജുകളിൽ നിന്നും പട്ടയം ആവശ്യപ്പെട്ട അപേക്ഷകൾ

| ചോദ്യം<br>ശ്രീമതി. ജമീലാ പ്രകാശം | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യുവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) വിഴിഞ്ഞം, കോട്ടുകാൽ, കരുംകുളം, തിരുപുറം എന്നീ തീരദേശ വില്ലേജുകളിൽ നിന്നും പട്ടയം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) വിഴിഞ്ഞം വില്ലേജിൽ നിന്നും ഏകദേശം ആയിരത്തോളം അപേക്ഷകളും കോട്ടുകാൽ വില്ലേജിൽ നിന്നും 310 അപേക്ഷകളും, കരുംകുളം വില്ലേജിൽ നിന്നും268 അപേക്ഷകളും, തിരുപുറം വില്ലേജിൽ നിന്നും 67 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത അപേക്ഷകളിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അപേക്ഷകർക്ക് എന്ന് പട്ടയം നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ ? | (ബി) വിഴിഞ്ഞം വില്ലേജിൽ നിന്നും ലഭിച്ച അപേക്ഷകൾ എൽ. എ. റിക്കാർഡുകൾ തയ്യാറാക്കുന്നതിനായി വില്ലേജ് ഓഫീസർക്ക് നൽകിയിട്ടുള്ളതാണ്. കോട്ടുകാൽ വില്ലേജിൽ നിന്നും ലഭിച്ച അപേക്ഷകൾ ഭൂമിയുടെ ഇനം സമുദ്ര തീര പുറമ്പോക്കായതിനാൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടം 24 പ്രകാരം പട്ടയം നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. കരുംകുളം വില്ലേജിൽ നിന്നും ലഭിച്ച 268 അപേക്ഷകളിലും ഭൂമിയുടെ ഇനം സമുദ്രതീര പുറമ്പോക്കായതിനാൽ 1964-ലെ കേരള ഭൂമി പതിവ്, ചട്ടം 24 പ്രകാരം പട്ടയം നൽകുന്ന കാര്യത്തിനായി |

(........2)

| | |
|---|---|
| | അപേക്ഷകരുടെ പട്ടയം ലഭിക്കാനുള്ള അർഹത. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം, അപേക്ഷകരുടേയും കുടുംബാംഗങ്ങളുടേയും പേരിൽ മറ്റെവിടെയെങ്കിലും ഭൂമിയുണ്ടോയെന്ന വസ്തുത , നിർദ്ദിഷ്ട ഭൂമി, 1964-ലെ കേരള ഭൂമി പതിവ് ചട്ടം 11 (2) (V) അനുശാസിക്കുന്നവിധം സർക്കാർ ആവശ്യത്തിന് മാത്രമായി മാറ്റിവയ്ക്കപ്പെടേണ്ടതായ സമുദ്രതീര ദൂരപരിധിയിൽ (30.480 മീറ്റർ, ഹൈവാട്ടർ മാർക്ക്) ഉൾപ്പെടുന്നതാണോയെന്ന വിഷയം തുടങ്ങിയ വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു. തിരുപുറം വില്ലേജിലെ ചന്തവിളാകം പ്രദേശത്തു നിന്നും ലഭിച്ച 29 അപേക്ഷകൾ പരിശോധിച്ചതിൽ പഞ്ചായത്ത്, പോർട്ട്, ടൂറിസം, ഫിഷറീസ് തുടങ്ങിയ വകുപ്പുകളുടെ അനുമതി ലഭിച്ചതായി കാണുന്നില്ലാത്തതിനാൽ ആയത് കൂടി ചേർത്ത് നൽകാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 38 അപേക്ഷകളിൽ പതിവിനാസ്പദമായ ഭൂമി അൺസർവേയ്ഡ് ആയതിനാൽ, സർവ്വെ നടപടികൾ പൂർത്തിയാക്കുന്നതിന് സർവ്വെയർമാരെ നിയമിക്കുന്നത് സംബന്ധിച്ചുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ